**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജല ഗുണനിലവാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി ഭൂഗർഭ ജല ഗുണനിലവാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ഭൂഗർഭജലഗുണനിലവാരം വിശദമായി പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശ പ്രകാരം ഭൂജലവകുപ്പ് തയ്യാറാക്കിയ പദ്ധതിയാണ് ഭൂജല ഗുണനിലവാരപദ്ധതി. ഈ പദ്ധതിയിൽ 14 ജില്ലകളിലായി ജലഗുണനിലവാര പ്രശ്നങ്ങൾ കൂടുതലായി നിലനിൽക്കുന്ന 14 ബ്ലോക്കുകൾ തെരഞ്ഞെടുത്ത് 2024 ഏപ്രിൽ മാസം മുതൽ ഭൂജല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. ജല പരിശോധനക്കായി രൂപപ്പെടുത്തിയതും ജലപരിശോധനയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഘടിപ്പിക്കപ്പെട്ടതുമായ മൊബൈൽ ലബോറട്ടറിയുടെ സൗകര്യമാണ് ഇതിനായി പ്രയോജനപ്പെടുത്തി വരുന്നത്. ഇതിനു പുറമേ വകുപ്പ് എല്ലാ ജില്ലകളിലും നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിലെ ജല ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.<br><br>ജലഗുണനിലവാര പരിശോധനക്കായി ഭൂജലവകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയനുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നു. മൂന്നു ലാബുകളിലും ജലത്തിന്റെ ഭൗതിക രാസപരിശോധനകളും ബാക്ടീരിയോളജിക്കൽ പരിശോധനകളും നടത്തുന്നുണ്ട്. വകുപ്പിന്റെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ജലസാമ്പിളുകളുടെ പരിശോധനയും മേൽ റീജിയണൽ ലാബുകളിൽ നടത്തി വരുന്നു. |
| (ബി) | ഭൂഗർഭ ജലത്തിന്റെ വിവരങ്ങൾ ശേഖരിച്ച് കിണറുകളുടെ സെൻസസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിച്ച് ഭൂജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുവേണ്ടി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി വെൽ സെൻസസ് പദ്ധതി 93 ബ്ലോക്കുകളിലെ 563 |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ ആരംഭിച്ചു. KSREC യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത "നീരറിവ്" എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് കുടുംബശ്രീ മിഷൻ മുഖേനയാണ് എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിക്കുന്നത്. 331 പഞ്ചായത്തുകളിൽ പൂർണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവര ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഭൂഗർഭ ജലലഭ്യത നിലനിർത്തുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / കുഴൽക്കിണർ, റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ജൽ ശക്തി അഭിയാൻ Catch the rain programme - ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ 620 റീചാർജ്ജ് പിറ്റ്, 40 തുറന്ന കിണർ / കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, 14 ചെറിയ തടയണ എന്നിവ വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 22.43 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. ഭൂജലത്തിന്റെ സംരക്ഷണവും സുരക്ഷിത ഭൂജല ഉപയോഗവും കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങളും സംബന്ധിച്ച് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നടത്തുന്നതിനായി വകുപ്പ് 2021 മുതൽ 247 ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ആയതിൽ 19,760 പേർ പങ്കെടുത്തു. |
| (ഡി) | 2021 മുതൽ 2025 വരെയുള്ള ഭൂഗർഭ ജലവികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭൂജല വകുപ്പ് മുഖേന കുടിവെള്ളം, ജലസേചനം, പൊതു കുടിവെള്ള വിതരണ പദ്ധതികൾ എന്നിവയ്ക്കുള്ള ജലസ്രോതസ്സായ കുഴൽക്കിണർ, ട്യൂബ് |

| | | | |
|---|---|---|---|
| | | | വെൽ, ഫിൽറ്റർ പോയിന്റ് കിണർ തുടങ്ങിയവ ഭൂജല പര്യവേഷണം നടത്തി അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ച് നൽകുന്നു. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ 5387 കുഴൽക്കിണർ, 223 ട്യൂബ് വെൽ, 474 പോയിന്റ് കിണർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന മേഖലകളിൽ കുഴൽക്കിണർ / ട്യൂബ് വെൽ ജലസ്രോതസ്സായി നിർമ്മിച്ച് 165 കുടിവെള്ള പദ്ധതികളും 641 ഹാന്റ് പമ്പ് പുനരുദ്ധാരണം, 129 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ 18.15 കോടി രൂപ ചെലവാക്കി വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചു. ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 13631 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.<br><br>ത്രിതല പഞ്ചായത്തുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗിച്ച് 961 കുടിവെള്ള പദ്ധതികളും, 125 ഹാന്റ് പമ്പ് പുനരുദ്ധാരണം, 424 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ 62.94 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. ഇത്തരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 41026 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിച്ചു.<br><br>2021 -25 കാലയളവിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 3207 കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ള മഴവെള്ള സംഭരണികൾ ജലനിധി മുഖേന നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം നിർമ്മിച്ചു നൽകിയ മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞു കവിഞ്ഞ് ഒഴുകുന്ന ശുദ്ധീകരിച്ച ജലം അവരുടെതന്നെ പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീ-ചാർജ്ജ് ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>ഈ കാലയളവിൽ തന്നെ ഈ പദ്ധതിയുടെ ഭാഗമായി 2296 തുറന്ന കിണറുകളിലേക്ക് നേരിട്ട് മഴവെള്ളം മേൽക്കൂരയിൽ നിന്ന് പാത്തി, പൈപ്പ് ഫിൽട്ടർ യൂണിറ്റ് മുതലായവ സ്ഥാപിച്ച് റീ-ചാർജ്ജ് ചെയ്തു വരുന്നുണ്ട്.<br><br>“ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതി” യുടെ ഭാഗമായി 502 വ്യക്തിഗത BPL വിഭാഗത്തിലെ കുടുംബങ്ങളിലെ കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ